(Pages : 4) **H – 3988**

Reg. No. : .............................

Name : .................................

**Third Semester M.A. Degree Examination, January 2020**

**Malayalam Language and Literature**

**ML 231 : SAMAKALIKA SAHITHYAM - GADHYAM**

**(Common for Malayalam Language and Literature and Malayalam with Media Studies)**

**(2013 Admission onwards)**

Time : 3 Hours Max. Marks : 75

ഓരോ ചോദ്യത്തിനും രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

(a) "അതൊരു നല്ല വിപ്ലവമാകും സ്ത്രീകളൊക്കെ പുരുഷനാമങ്ങൾ സ്വീകരിക്കുക. പുരുഷന്മാർക്കു സ്ത്രീനാമങ്ങൾ മാത്രം കൊടുക്കുക. എന്തു രസകരമായ വിപ്ലവം!" - സന്ദർഭം വ്യക്തമാക്കി വിവരിക്കുക.

അല്ലെങ്കിൽ

(b) "രവിയുടെ പിൽക്കാല ജീവിതം ചിലതരം ഗൂഢാലോചനകളുടെ ഭാഗമായി വെളിവാക്കപ്പെടാതെ പോയതാണ്. ഇത് ഇതിഹാസനന്തരജീവിതമാണ്."- ധ്വനിയെന്ത്? വിവരിക്കുക.

(a) 'അവനവൻ കടമ്പ' എന്ന ശീർഷകം ഇതിവൃത്തവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? പരിശോധിക്കുക.

അല്ലെങ്കിൽ

(b) 'റോസ് മേരി പറയാനിരുന്നത്' എന്ന നാടകം രംഗാവതരണത്തിൽ നവീനത സൃഷ്ടിച്ചതെങ്ങനെ?

P.T.O.

3. (a) "നിങ്ങൾ വളരെ സാവകാശമാണ് വണ്ടി ഓടിക്കുന്നത്. ഈ അത്യാധുനിക യുഗത്തിൽ ഇത് അനുവദനീയമല്ല. ഇതിന്റെ ശിക്ഷ ഭീകരമായിരിക്കും." - ആരുടെ വാക്കുകൾ? വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) "മനസ്സിലൂടെ മിന്നൽപ്പിണരുകൾ പാഞ്ഞു. അതൊരു വാർത്തയുടെ തുടക്കമാണ്. അവസാനത്തിലേക്കു വഴുതിപോകുന്ന തുടക്കം" - സന്ദർഭവും ആശയവും വ്യക്തമാക്കുക.

4. (a) 'നിലാവ് അറിയുന്നു' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

അല്ലെങ്കിൽ

(b) "വായനക്കാരെ, എവിടെയെങ്കിലുംവച്ച് നിങ്ങളയാളെ കണ്ടുമുട്ടിയാൽ ചോദിക്കണം മറ്റെല്ലാവരെയും പോലെ ലഘുവായ ഒരു വിശ്വാസത്തിലേക്കു കൂടുകയറാൻ അയാൾ തയ്യാറാണോ എന്ന്" സൂചിപ്പിക്കുന്നതാരെ? വ്യക്തമാക്കുക.

5. (a) പൊക്കുടന്റെ പാർപ്പിടത്തിന്റെ പ്രത്യേകത എന്തായിരുന്നു?

അല്ലെങ്കിൽ

(b) കഥാപാത്രനിരൂപണം തയ്യാറാക്കുക - മുരുകൻ (മുരുകൻ എന്ന പാമ്പാട്ടി)

(a) ടി. പത്മനാഭന്റെ കഥകൾ ഭാവഗീതം പോലെയാണ്. ഈ പ്രസ്താവന 'പ്രകാശം പരത്തുന്ന പെൺകുട്ടി' എന്ന കഥയ്ക്ക് അനുയോജ്യമാകുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) പാണ്ഡവപുരത്തെ ജാരന്മാരുടെ ഉല്പത്തി ചരിത്രം എന്താണ്?

(a) മുടിയേറ്റിന്റെ രംഗാവതരണപ്രക്രിയ വിവരിക്കുക.

അല്ലെങ്കിൽ

(b) പനമ്പിള്ളി ഗോവിന്ദ മേനോൻ - കുറിപ്പെഴുതുക.

**(7 × 3 = 21 Marks)**

II. ഒരോ ചോദ്യത്തിനും നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) ഭാവനാശാലിയായ കഥാകാരനാണ് പത്മരാജൻ എന്ന് വിലയിരുത്തപ്പെടുന്നത് എന്തുകൊണ്ട്? 'കോടതി വിധിക്കു ശേഷം' എന്ന കഥയെ അടിസ്ഥാനപ്പെടുത്തി വിവരിക്കുക.

അല്ലെങ്കിൽ

(b) സ്ത്രീജീവിതത്തിന്റെ കാണാപ്പുറങ്ങൾ അവതരിപ്പിക്കുന്നവയാണ് അഷിതയുടെ കഥകൾ - 'ഒരു സ്ത്രീയും പറയാത്തത്' എന്ന കഥയെ ആസ്പദമാക്കി വിലയിരുത്തുക.

9. (a) കണ്ടൽക്കാടുകൾ നേരിടുന്ന ഭീഷണികൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) ദയാബായിയുടെ സാമൂഹ്യപ്രവർത്തനം വ്യത്യസ്തമാകുന്നതെങ്ങനെ? വിശദീകരിക്കുക.

10. (a) ഭ്രമാത്മകമായ ഒരു അനുഭവലോകമാണ് പാണ്ഡവപുരം - വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ശ്മശാനത്തിലെ ദാരുണമായ ചിരിയാണ് 'മരണസർട്ടിഫിക്കറ്റ്' - പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക.

11. (a) ഏകാന്തതയുടെ രക്തസാക്ഷിത്വം സ്വയം വരിക്കുന്നവരാണ് രാജലക്ഷ്മിയുടെ കഥാപാത്രങ്ങൾ- മണി എന്ന കഥാപാത്രത്തെ മുൻനിർത്തി വിവരിക്കുക.

അല്ലെങ്കിൽ

(b) മലയാളനോവലിലെ സ്ത്രീപക്ഷചിന്തകൾ 'ഹിറ' എന്ന നോവലിനെ അടിസ്ഥാനമാക്കി നിരൂപണം ചെയ്യുക.

12. (a) മലയാളത്തിലെ നാടോടിപാരമ്പര്യം മുടിയേറ്റിൽ എങ്ങനെ ദൃശ്യമാവുന്നു?

അല്ലെങ്കിൽ

(b) മലയാളനാടകവേദിയിൽ അവനവൻ കടമ്പ എന്ന നാടകത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.

(5 × 6 = 30 Marks)

III. ഓരോ ചോദ്യത്തിനും അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) 'പോയകാലത്തിന്റെ ചരിത്രത്തെ അടയാളപ്പെടുത്തുന്നവയാണ് ജീവചരിത്രകൃതികൾ' - പനമ്പിള്ളി ഗോവിന്ദ മേനോന്റെ ജീവചരിത്രവുമായി ബന്ധപ്പെടുത്തി വിവരിക്കുക.

അല്ലെങ്കിൽ

(b) കല്ലേൻ പൊക്കുടന്റെ ആത്മകഥ മുന്നോട്ടു വയ്ക്കുന്ന പാരിസ്ഥിതിക ദർശനം വിശദീകരിക്കുക.

14. (a) ഐതിഹ്യവും മിത്തും ഇടകലർന്ന ഒരു സമൂഹത്തിന്റെ ചരിത്രമാണ് തോറ്റങ്ങൾ- വിവരിക്കുക.

അല്ലെങ്കിൽ

(b) നോവലിനെ സ്വാധീനിക്കുന്ന ദർശനങ്ങളും ആവിഷ്കാരതന്ത്രങ്ങളും ഓരോ കാലത്തും വ്യത്യാസപ്പെട്ടിരിക്കുന്നു - പാഠഭാഗങ്ങളെ മുൻനിർത്തി നിരൂപിക്കുക.

15. (a) ആധുനികാനന്തര ചെറുകഥയുടെ ആഖ്യാനസവിശേഷതകൾ ബി. മുരളി, അഷിത, തോമസ് ജോസഫ് എന്നിവരുടെ കഥകളെ ആസ്പദമാക്കി വിവരിക്കുക.

അല്ലെങ്കിൽ

(b) നവോത്ഥാനാനന്തര ചെറുകഥകൾ രൂപപരമായും ഭാവപരമായും പുലർത്തിയ പ്രത്യേകതകൾ വി.കെ.എൻ., സി.വി. ശ്രീരാമൻ, എം.പി. നാരായണപിള്ള എന്നിവരുടെ കഥകളിൽ ആവിഷ്കരിച്ചതെങ്ങനെ? വിശദമാക്കുക.

(3 × 8 = 24 Marks)

---